# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 983 01.03.2017-ലെ മറുപടി

### ശുദ്ധജല വിതരണ പൈപ്പ് പൊട്ടൽ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ഇ.കെ.വിജയൻ :** | **മാത്യു ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി)** |
| എ) കുടി വെള്ള ക്ഷാമം രൂക്ഷമായി കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പോലും ഗ്രാമങ്ങളിലും പട്ടണങ്ങളിലും പൈപ്പ് പൊട്ടുന്നതു സംബന്ധിച്ച് പരാതികൾ നല്കിയാലും വെള്ളം ദിവസങ്ങളോളം റോഡുകളിലൂടെ ഒഴുകുന്നതായി ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | എ) പൈപ്പ് പൊട്ടൽ സംബന്ധിച്ച പരാതികൾ അടിയന്തിരമായി പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. എന്നാൽ തിരക്കേറിയ റോഡുകളിൽ റോഡ് മുറിക്കാനുള്ള അനുമതി ലഭിക്കാനുള്ള കാലതാമസം മൂലം അറ്റകുറ്റ പണികൾക്ക് താമസം നേരിടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. അത്തരം സാഹചര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പിന്റെ സഹകരണത്തോടെ കഴിയുന്നത്ര വേഗത്തിൽ അറ്റകുറ്റപണികൾ നടത്തി ജലവിതരണം പുന:സ്ഥാപിക്കുന്നുണ്ട്. |
| ബി) ഇത്തരത്തിൽ അനാസ്ഥ കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കാമോ? | ബി) പൈപ്പ് പൊട്ടലുകൾ സംബന്ധിച്ച പരാതികൾ നിരീക്ഷിച്ച് ഉചിതമായ നടപടികൾ കൈക്കൊള്ളാൻ ഡിവിഷൻ തലത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

Renuka Sankar

സെക്ഷൻ ഓഫീസർ